സംസ്ഥാനത്ത് ഉദ്യോഗസ്ഥ സംവരണ കാര്യത്തിൽ ഭരണഘടന ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭ പാസ്സാക്കിയ പ്രമേയത്തിലെ ആവശ്യം നടപ്പാക്കിക്കിട്ടുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

31.03.2000 ൽ നിയമസഭ പാസ്സാക്കിയ ഉപക്ഷേപം മേൽ നടപടിക്കായി ചീഫ് സെക്രട്ടറി നേരിട്ട് കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. നിയമസഭ പാസ്സാക്കിയ ഉപക്ഷേപത്തിൻമേൽ ആവശ്യമായ ഭരണഘടന ഭേദഗതി കൈക്കൊള്ളണമെന്ന് മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രധാന മന്ത്രിയോട് 3-4-2000 ലെ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

സോഫ്റ്റ്വെയർ വ്യവസായം

169 (693)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഫ്റ്റ്വെയർ വ്യവസായവും ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങളും തുടങ്ങുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ രംഗത്ത് വിദേശ നിക്ഷേപകരെയും സംരംഭകരെയും കണ്ടെത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സോഫ്റ്റ്വെയർ വ്യവസായവും, ഐ.ടി അധിഷ്ഠിത വ്യവസായവും സംസ്ഥാനത്ത് അയൽസംസ്ഥാനമായ കർണ്ണാടകയിലെ പോലെ, ധൃതഗതിയിൽ വ്യാപിക്കപ്പെടാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരസാങ്കേതിക രംഗത്തെ വികസനത്തിനായി, ഐ.ടി അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ,ടി വ്യാപനത്തിനായി മാനുഷിക വിഭവശേഷി വികസിപ്പിക്കുക തുടങ്ങിയ ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്ത പദ്ധതികൾ ആവിഷ്കരിച്ച്, ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ, സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്ന ഐ.ടി നയം വിഭാവനം ചെയ്യുന്നു. ശക്തമായ ഒരു ഐ.റ്റി അധിഷ്ഠിത വ്യവസായ മേഖല അടിത്തറ കെട്ടിപ്പടുക്കുന്നതിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് സോഫ്റ്റ്വെയർ, ഐ.ടി വ്യവസായങ്ങൾ തുടങ്ങുവാനായി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ടെക്നോപാർക്ക് തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. ഏകജാലക ക്ലിയറൻസ് സംവിധാനം. 20 കോടി രൂപയോളം മുതൽ മുടക്കോടെ ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് എന്നിവ നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് സോഫ്റ്റ്വെയർ വ്യവസായവും ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായവും തുടങ്ങാൻ താൽപ്പര്യമുള്ള സംരംഭകർക്ക് വേണ്ടുന്ന സഹായങ്ങൾ നൽകുവാൻ സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള എസ്.റ്റി.പി.ഐ. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. എറണാകുള

LIBRARY ARCHIVES Kerala Legislative Assembly

ത്തും, കോഴിക്കോട്ടും കിൻഫ്രായുടെ ഐ.ടി പാർക്കുകളും, കിറ്റൽ പാർക്കും തുടങ്ങിയിട്ടുണ്ട്, കൂടാതെ, എറണാകുളത്ത് 200 ഏക്കറിൽ കിൻഫ്രാ പുതിയ ഹൈടെക് പാർക്ക് തുടങ്ങുന്നുണ്ട്. എസ്.റ്റി.പി.ഐ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, കോട്ടയം, പാലക്കാട്, തിരുവല്ല, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സോഫ്റ്റ് വെയർ പാർക്കുകൾ തുടങ്ങുന്നുണ്ട്. ഐ.ടി രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രത്യേകമായി പരിഗണിച്ച്, ചെറുകിട വ്യവസായങ്ങൾക്ക് നൽകിവരുന്ന എല്ലാ സഹായങ്ങളും നൽകുന്നു. സ്ഥിരനിക്ഷേപത്തിന്റെ 20% തുക, പരമാവധി 25 ലക്ഷം രൂപ വരെയുള്ള മൂലധന നിക്ഷേപ സബ്സിഡി നൽകുന്നുണ്ട്.

(ബി) വിദേശ പ്രവാസി നിക്ഷേപകരെ കേരളത്തിലേക്ക് വ്യവസായ സംരംഭങ്ങൾ നടത്തുന്നതിനായി ക്ഷണിക്കുന്നുണ്ട്. ദേശീയ അന്തർദേശീയ തലത്തിൽ പത്രമാസികകളിൽ പരസ്യം ചെയ്യുന്നതു കൂടാതെ, ഐ.ടി എക്സിബിഷനുകളിലും, സെമിനാറുകളിലും പങ്കെടുക്കുകയും നേരിട്ട് കമ്പനികളുമായി ബന്ധപ്പെടുകയും ചെയ്യുന്നുണ്ട്. വിദേശികൾക്ക് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാനായി വ്യവസായ വകുപ്പിന്റെയും, പ്രൊമോഷണൽ ഏജൻസികളുടെയും വെബ് സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സർക്കാർ സമഗ്രമായ ഒരു ഐ.ടി നയം 1998 മെയ് മാസത്തിൽ പ്രഖ്യാപിച്ചു നടപ്പാക്കി വരുന്നു. ഐ.ടി അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുന്നതിനും മാനുഷികവിഭവശേഷി വികസിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. അതിന്റെ ഫലമായി ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ കേരളത്തിൽ വ്യാപിച്ചുവരികയാണ്. 1997-98 വർഷത്തിൽ കയറ്റുമതിയിലൂടെ 26.4 കോടി രൂപ സംസ്ഥാനം നേടിയപ്പോൾ, അത് 98-99 വർഷത്തിൽ 53 കോടി രൂപയായും, 99-2000 ൽ 67 കോടി രൂപയായും ഉയർന്നിട്ടുണ്ട്. ഐ.ടി അധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിലും സംസ്ഥാനത്ത് ത്വരിതമായ വളർച്ച പ്രകടമാക്കിയിട്ടുണ്ട്. 97-98 വർഷത്തിൽ സംസ്ഥാനത്ത് 18 യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിയിരുന്നതിൽ നിന്ന് 98-99 ൽ 45 യൂണിറ്റുകളായും, 99-2000 ൽ അത് 102 യൂണിറ്റുകളായും ഉയർന്നിട്ടുണ്ട്. നയം നടപ്പിലാക്കിവരുന്നതിലൂടെ ഐ.ടി അധിഷ്ഠിത വ്യവസായം സംസ്ഥാനത്ത് ത്വരിതമായ വളർച്ച പ്രകടമാക്കിയിട്ടുണ്ട്.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 ന്റെ പി. എസ്.സി.ലിസ്റ്റ്

170 (751)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 ന്റെ പി.എസ്.സി. ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ലിസ്റ്റ് നിലവിൽ വന്നതെന്നും എന്നുവരെ ലിസ്റ്റിന്റെ പ്രാബല്യം ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ ലിസ്റ്റിൽനിന്നും എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly